**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5491</u>** **<u>15-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>പുനലൂർ നിയോജക മണ്ഡലത്തിലെ ഡിപ്പോകളിൽ നിന്നും നിർത്തിവച്ച സർവീസുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ വിവിധ ഡിപ്പോകളിൽ നിന്നും കോവിഡ് രോഗബാധയുടെ കാലത്ത് നിർത്തിവച്ചിരുന്ന കെ.എസ്.ആർ.ടി.സി. സർവീസുകൾ നിലവിൽ നടത്തുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ പുനലൂർ, കുളത്തൂർപ്പുഴ, ആര്യങ്കാവ് എന്നീ ഡിപ്പോകളിൽ നിന്നും കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി നിന്നുപോയ ലാഭകരമായ സർവ്വീസുകൾ ഇതിനോടകം തന്നെ പുനരാരംഭിച്ചിട്ടുണ്ട്. യാത്രക്കാരുടെ ആവശ്യകതയും കോർപ്പറേഷന്റെ വരുമാന ലഭ്യതയും ഉറപ്പ് വരുത്തി ലാഭകരമായ വിധത്തിൽ സർവ്വീസുകളും / ട്രിപ്പുകളും നടത്തുന്നതിനുള്ള ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ലാഭകരമായ ഗ്രാമീണ സർവ്വീസുകൾ ആവശ്യാനുസരണം നടത്തുന്നതിന് മേഖലാ അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നിർത്തിവച്ചവയിൽ ഏതൊക്കെ സർവീസുകൾ പുനരാരംഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നിന്നുപോയ ദീർഘദൂര സർവ്വീസുകൾക്ക് പകരമായി മിക്കവാറും എല്ലാ റൂട്ടുകളിലും പുതിയ സർവ്വീസുകളും ട്രിപ്പുകളും ആരംഭിച്ചിട്ടുണ്ട്. കോവിഡാനന്തരം ട്രാഫിക് ഡിമാൻറ് വർദ്ധിക്കുന്നതിനനുസരിച്ച് ആവശ്യമെങ്കിൽ സർവ്വീസുകൾ പുനക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ MTW Act പ്രകാരമുള്ള ഡ്യൂട്ടി സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതോടുകൂടി എല്ലാ യൂണിറ്റുകളിലും മേഖലകളിലും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത സർവീസുകൾ എന്നത്തേയ്ക്ക് പുനരാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; പുനരാരംഭിക്കാൻ കഴിയില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | നഷ്ടത്തിലുള്ള ട്രിപ്പുകളും സർവ്വീസുകളും നിലവിലെ മോശം സാമ്പത്തിക സ്ഥിതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ